(ബി) പുതിയ പ്രൊപ്പോസൽ അംഗീകരിച്ച് കൂടുതൽ ട്രേഡുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മാടായി ഐ.ടി.ഐ.-യിൽ നിലവിൽ ആർക്കിടെക്ചറൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് എന്നീ ട്രേഡുകളാണ് നടത്തുന്നത്. ടി സ്ഥാപനത്തിൽ നിലവിലുള്ള ആർക്കിടെക്ചറൽ അസിസ്റ്റന്റ്-ന് പകരമായി ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് ആരംഭിക്കുന്നതിനും പുതുതായി ഇലക്ട്രീഷ്യൻ ട്രേഡ് ആരംഭിക്കുന്നതിനും ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

സ്കിൽ ഡവലപ്മെന്റ് മിഷൻ

307 (996) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെന്റ് മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന സ്ഥാപനത്തിന് രൂപം നൽകിയിട്ടുണ്ട്. വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 28-3-2012-ൽ സർക്കാർ ഉടമസ്ഥതയിൽ സെക്ഷൻ 25 കമ്പനിയായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സ്ഥാപിച്ചു. ആഗോളവത്ക്കരണത്തെ തുടർന്ന് ആധുനിക ലോകത്തെ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നതാണ് KASE-ന്റെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ കീഴിൽ അങ്കമാലിയിലെ ഇന്റർ നാഷണൽ സ്കിൽസ് പാർക്കിൽ ഓയിൽ & റിംഗ്, ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓട്ടോമോട്ടീവ്, മൾട്ടി സ്കിൽ, സെക്യൂരിറ്റി (ഇന്റർനാഷണൽ), ഹോസ്പിറ്റാലിറ്റി, റീട്ടെൽ, ടീച്ചിംഗ്, പരമ്പരാഗത മേഖലകളായ ഹാൻഡ് ലൂം, ഫിഷറി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ഉടൻ പ്രവർത്തനം ആരംഭിക്കും. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുകയാണ്. ബാങ്കിംഗ് & ഫിനാൻസ്, സയന്റിഫിക് ഇലക്ട്രോളിസിസ് എന്നീ മേഖലകളിൽ കെയ്സ് അക്രെഡിറ്റഡ് കോഴ്സുകൾ ആരംഭിച്ചു കഴിഞ്ഞു. കൊല്ലം ജില്ലയിലും കോഴിക്കോട് ജില്ലയിലും കൗശലകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. കൂടാതെ പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റ് (NICE)-ന്റെയും സെക്യൂരിറ്റി മേഖലയിൽ National Centre for Advanced Training in Security (CAT)-യുടെയും സെന്ററുകൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

തൊഴിലാളി സംരക്ഷണം

308 (997) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് സംരക്ഷണം നൽകാൻ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ നൽകുന്നതിനായി സർക്കാർ നേരിട്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് പെൻഷനും നൽകുന്നുണ്ട്.

(ബി) തൊഴിലാളികളുടെ തൊഴിൽ രംഗത്തെ പരിരക്ഷയും സാമൂഹിക സുരക്ഷയും ഉറപ്പുവരുത്തുക എന്നുള്ളതാണ് ഉദ്ദേശ്യലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly